Total expenditure	197.88	154.00
Operating Profit	68.32	103.70
Net profit	40.61	66.83
Capital adequacy Ratio (%)	21.37	24.61
Net NPA%	0.35	0.36

(ബി) കെ.എഫ്.സി.-യുടെ നിഷ്ക്രിയ ആസ്തി 2014 മാർച്ച് 31-ന് 0.35 ശതമാനമാണ്. നിഷ്ക്രിയ ആസ്തിക്കുള്ള കരുതൽ വർഷാവസാനം ലാഭനഷ്ടക്കണക്കുകൾ തയ്യാറാക്കുന്ന സമയത്ത് മാത്രമേ കണക്കാക്കാറുള്ളൂ. അതിനാൽ സെപ്റ്റംബർ 30, 2014-ന്റെ നിഷ്ക്രിയ ആസ്തി ലഭ്യമല്ല.

വ്യവഹാര നയം

200 (2438) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവഹാര നയം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളിൽ തീർപ്പ് കല്പിക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത നയം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

ഉത്തരം

(എ) 3-12-2011-ലെ സ.ഉ.(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം നടപ്പാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി പതിനഞ്ച് വർഷത്തിൽ നിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതു മാണ്. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും വഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

(സി) സംസ്ഥാന വ്യവഹാരനയത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ ജില്ലകളിലും താലൂക്കുതല എംപവേർഡ് കമ്മിറ്റികളും ജില്ലാതല എംപവേർഡ് കമ്മിറ്റികളും സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചു പ്രസ്തുത കമ്മിറ്റികൾ സർക്കാർ കക്ഷിയായിട്ടുള്ള എല്ലാ കേസുകളും പരിശോധിക്കുകയും അവയിൽ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനായി ലോക് അദാലത്ത് വഴിയോ ബദൽ തർക്ക പരിഹാര സംവിധാനങ്ങൾ വഴിയോ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതുസംബന്ധിച്ച് ശിപാർശ നിയമ വകുപ്പിന് നൽകേണ്ടതുമാണ്. താലൂക്കുതല എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ ബന്ധപ്പെട്ട തഹസിൽദാർ ആയിരിക്കും ജില്ലാതല എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടറും മെമ്പർ സെക്രട്ടറി ജില്ലാ ലാ ആഫീസറുമാണ്. നിലവിൽ എട്ട് ജില്ലകളിൽ ജില്ലാ ലാ ആഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ അവ സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. വ്യവഹാര നയം നടപ്പിലാക്കുന്നതിൽ നിയമ (നോഡൽ) ആഫീസറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നയത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ അഡ്വക്കേറ്റ് ജനറലും, മെമ്പർ സെക്രട്ടറി നിയമ സെക്രട്ടറിയുമാണ്. സർക്കാർ കക്ഷിയായുള്ള കേസ്സുകളിൽ സത്യവാങ്മൂലമോ പത്രികയോ മറ്റും ഫയൽ ചെയ്യുന്നതിനായി അനാവശ്യമായി അവധിക്ക് അപേക്ഷിക്കുന്നത് കർശനമായി ഒഴിവാക്കുവാൻ വ്യവഹാരനയത്തിൽ നിർദ്ദേശമുണ്ട്. കോടതികളിൽ സർക്കാരിനായി സമർപ്പിക്കേണ്ട സംഗതികൾ യഥാസമയം അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട കൃത്യമായുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും അവ ഫയൽ ചെയ്യുന്നതിനും വേണ്ടിയുള്ള നിർദ്ദേശം വ്യവഹാര നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത കാര്യങ്ങൾ ഏകോപിപ്പിച്ച് കോടതി വ്യവഹാരം കാര്യക്ഷമമായി നടത്തിക്കുന്നതിന് നിയമ (നോഡൽ) ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ കക്ഷിയായുള്ള കേസ്സുകൾ മാറ്റിവയ്ക്കുന്നതിനുവേണ്ടി കോടതി സർക്കാരിനെതിരെ പിഴ ചുമത്തുന്നത് ഗൗരവമായി കാണണമെന്നും അത്തരം സാഹചര്യത്തിൽ വകുപ്പുതലവൻ എംപവേർഡ് കമ്മിറ്റി മുമ്പാകെ വിശദീകരണം നൽകേണ്ടതുമാണ്. ഏത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നാണോ വീഴ്ച ഉണ്ടായതെന്ന് പരിശോധിച്ച് പ്രസ്തുത .ഉദ്യോഗസ്ഥരിൽ നിന്നും പിഴത്തുക ഈടാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും, ജില്ലാ അടിസ്ഥാനത്തിലും, ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപികരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാര നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ലാ ആഫീസർ ഇല്ലാത്ത വകുപ്പുകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ എട്ട് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ആറ് ജില്ലകളിൽ കൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ അഭിഭാഷകരുടെ നിയമനം

201 (2439) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കക്ഷിയായിട്ടുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനായി വിവിധ കോടതികളിലും ട്രൈബ്യൂണലുകളിലുമായി എത്ര അഭിഭാഷകരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ തസ്തികകളിലേക്കാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളുടെ സേവനവേതന വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly